(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം ഈ വിഭാഗം തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ചീനവല തൊഴിലാളികളുടെ വൈദ്യുതി താരിഫ് 26-7-2002-ലെ ബോർഡിന്റെ (എഫ്. എം.) 14/02/പി.എൻ.ജി.കോം.4304/2001 നമ്പർ സർക്കുലർ പ്രകാരം 7A-യിൽ നിന്നും കുറഞ്ഞ താരിഫ് ആയ എൽ.റ്റി.-4ലേക്ക് മാറ്റിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പരാതികൾ ഉടൻ പരിഹരിച്ച് റിപ്പോർട്ട് ചെയ്യാൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇലക്ട്രോണിക് വൈദ്യുത മീറ്ററുകളുടെ വാടക

195 [2688] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് വൈദ്യുത മീറ്ററുകളുടെ പ്രതിമാസ വാടക 250 രൂപയായി 1-1-2004 മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഇപ്പോൾ നിലവിലുള്ള ഗാർഹിക വൈദ്യുതി നിരക്ക് എന്നാണ് പ്രാബല്യത്തിൽ വന്നത്;

(ഡി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല. ഇലക്ട്രോണിക്-ഇലക്ട്രോമെക്കാനിക്കൽ എന്ന വ്യത്യാസം കൂടാതെയാണ് മീറ്റർവാടക ഈടാക്കുന്നത്.

(ബി) പ്രസക്തമല്ല.

(സി) 1-10-2002 മുതൽ പ്രാബല്യത്തിൽ വന്നു.

(ഡി) ഉത്തരവിന്റെ കോപ്പി അനുബന്ധമായി ചേർക്കുന്നു.†

ഇലക്ട്രിസിറ്റി ബോർഡിലെ അധിക തസ്തികകൾ

196 [2689] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിൽ അധികമായിട്ടുള്ള ജീവനക്കാരെ തരം താഴ്ത്തുന്നതിന് ബോർഡ് ഉത്തരവിറക്കിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഉത്തരവ് നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നിലവിൽ ഇലക്ട്രിസിറ്റി ബോർഡിൽ എത്ര തസ്തികകൾ അധികമാണ് എന്ന് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഈ അധിക തസ്തികകൾ മൂലം പ്രതിവർഷം എത്ര രൂപ നഷ്ടമുണ്ടാകുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആർ ഡബ്ല്യൂട്ടി ചീഫ് എഞ്ചിനീയർമാരെയും, (സിവിൽ) ആർ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും (സിവിൽ) തരം താഴ്ത്തി ഉത്തരവിറക്കിയിട്ടുണ്ട്. ചില കേസുകളിൽ ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളതിനാൽ ഉത്തരവ് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(സി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(സിവിൽ) .. 55
അസിസ്റ്റന്റ് എഞ്ചിനീയർ .(സിവിൽ) .. 7
സീനിയർ അസിസ്റ്റന്റ് .. 65
ഓഫീസ് അറ്റന്റന്റ് ... 260

(ഡി) അധിക തസ്തികകൾ മൂലം എത്ര രൂപ നഷ്ടമുണ്ടാകുന്നു എന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

കോട്ടയം ജില്ലയിൽ കെ.എസ്.ഇ.ബി.യിൽ ലൈൻമാൻ ഗ്രേഡ് 2 ലേക്കുള്ള നിയമനം

197 [2690] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കെ.എസ്.ഇ.ബി.യിൽ ലൈൻമാൻ ഗ്രേഡ് 2 ന്റെ എത്ര തസ്തികകളുണ്ട്; എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു; സർക്കിൾ ആഫീസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) നിലവിൽ ഒഴിവുള്ള തസ്തികകളിൽ മസ്ദൂർ/വർക്കർ തസ്തികകളിൽ നിന്ന് പ്രൊമോഷൻ നൽകി നിയമിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) ജില്ലയിൽ ഒഴിവുള്ള ലൈൻമാൻ ഗ്രേഡ് 2 തസ്തികകളിലേക്ക് മസ്ദൂർ/വർക്കർമാരെ പ്രൊമോഷൻ നൽകി നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly